പിന്നോക്കവിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാനുള്ള വരുമാനപരിധി

433 [546] ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുമാരപിള്ള കമ്മീഷൻ ശുപാർശകൾ അനുസരിച്ചുള്ള പിന്നോക്ക വിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യത്തിനുള്ള വരുമാനപരിധി 12,000 രൂപയിൽ നിന്ന് 20,000 രൂപയായി ഉയർത്തുന്നതിനുള്ള സർക്കാർ വിജ്ഞാപനം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

21-10-1986-ലെ ഗവൺമെൻറ് ഓർഡർ നമ്പർ എം. എസ്. 270/86/ഉ. വി. പ. അനുസരിച്ച് കുമാരപിള്ള കമ്മീഷൻ ശുപാർശകൾ അനുസരിച്ച് പിന്നോക്ക വിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് നൽകുന്ന വിദ്യാഭ്യാസാനുകൂല്യത്തിനുള്ള വരുമാനപരിധി 12,000 രൂപയിൽ നിന്ന് 20,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

പുതിയ സമുദായങ്ങളെ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം

434 [547] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ സമുദായങ്ങളെ പട്ടികജാതി–പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ് ?

ഉത്തരം

താഴെപ്പറയുന്ന മാനദണ്ഡം അനുസരിച്ചാണ് പുതിയ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിലോ പട്ടികവർഗ്ഗ ലിസ്റ്റിലോ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുന്നത് :

പട്ടികജാതി :—പരമ്പരാഗതമായ അയിത്താചരണത്തിൽനിന്നുളവായ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ അന്ധേയറ്റത്തെ പിന്നോക്കാവസ്ഥ.

പട്ടികവർഗ്ഗം :—പ്രാകൃതരീതി, തനതായ സംസ്കാരം, ഭൂമിശാസ്ത്ര പരമായും മറ്റു രീതികളിലും ഇതര ജനവിഭാഗങ്ങളിൽ നിന്നും ഒറ്റപ്പെട്ടു കഴിയുക, പിന്നോക്കാവസ്ഥ.

പട്ടികജാതിക്കാർക്കുള്ള ഉദ്യോഗ സംവരണം

435 [548] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ലെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും, റിപ്പോർട്ടിൻപ്രകാരം നടപടി സ്വീകരിക്കാതെ സംസ്ഥാനത്ത് പട്ടികജാതിക്കാർക്ക് ഉദ്യോഗ സംവരണം വർദ്ധിപ്പിക്കാതിരുന്നതിലുള്ള നഷ്ടം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സിദ്ധനർ സർവ്വീസ് സൊസൈറ്റി സംസ്ഥാനത്തെ വില്ലേജാഫീസുകൾക്കു മുൻപിൽ കേ്ടോബർ 10-ന് നടത്തിയിട്ടുള്ള ധർണ്ണ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly